തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി *(ശ്രീ. കുട്ടി അഹമ്മദ് കുട്ടി):*

(എ) ഇല്ല.

(ബി)–(ഡി) 1999-ലെ കേരള മുനിസിപ്പാലിറ്റീസ് ബിൽഡിംഗ് റൂൾസിലെ 130 മുതൽ 142 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നത്. ബഹുനില മന്ദിരങ്ങളുടെ മുകളിൽ മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. ഇപ്രകാരം ടവറുകൾ സ്ഥാപിക്കുന്നതിന് സിവിൽ എഞ്ചിനീയറിംഗിലോ സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗിലോ ബിരുദാനന്തര ബിരുദമുള്ള ഒരു രജിസ്ട്രേർഡ് എഞ്ചിനീയറുടേയോ കേന്ദ്ര/സംസ്ഥാന/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന എഞ്ചിനീയറുടേയോ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ കെ. എം. ബി. ആർ. 130 മുതൽ 142 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

പഞ്ചവൽസര പദ്ധതിയുടെ സമീപനരേഖ

*21 [264] *ശ്രീ. എം. എം. ഹസ്സൻ:*

„ *വി. ഡി. സതീശൻ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ജോർജ്ജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ തയ്യാറാക്കിയോ;

(ബി) ഇതിനുവേണ്ടി വിദഗ്ദ്ധരുടെ ഒരു സമിതിയെ നിയോഗിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഈ പദ്ധതിക്കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതം കൂടുതൽ പ്രയോജനപ്രദമായ വിധത്തിൽ ചെലവഴിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ഇല്ല. അടുത്ത പഞ്ചവത്സര പദ്ധതിയുടെ കേന്ദ്രസമീപന രേഖ പ്ലാനിംഗ് കമ്മീഷനിൽ നിന്ന് ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാനത്തിന്റെ സമീപനരേഖ തയ്യാറാക്കുകയുള്ളു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമീപനരേഖ തയ്യാറാക്കുന്നതിനുവേണ്ടി വിദഗ്ദ്ധരുടെ സമിതിയെ നിയോഗിക്കാറില്ല. എന്നാൽ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി അതാത് മേഖലകളിൽ സ്റ്റിയറിംഗ് കമ്മിറ്റികളും ടാസ്ക് ഫോഴ്സുകളും രൂപീകരിക്കാറുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദ നികുതി കുടിശ്ശിക

*22 [265] *ശ്രീ. സാജു പോൾ:*

,, എ. സി. മൊയ്തീൻ:

,, ടി. പി. രാമകൃഷ്ണൻ:

,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുകയോ, വിനോദ നികുതിയിൽ ഇളവ് അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം അമ്യൂസ്മെന്റ് പാർക്കുകളാണ് വിനോദ നികുതിയിനത്തിൽ ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതെ കുടിശ്ശികയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം വിനോദ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്തുകൾക്ക് നൽകാത്ത അമ്യൂസ്മെന്റ് പാർക്കുകൾക്കെതിരെ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് 4-4-2000 മുതൽ 30-11-2002 വരെ വിനോദ നികുതി ഇനത്തിൽ നൽകേണ്ട 8,50,20,987 രൂപ 6,98,79,750 രൂപയായി കുറച്ചു കൊടുത്തിട്ടുണ്ടോ;

(എഫ്) 2001-നു ശേഷം ഈ സ്ഥാപനം എത്ര തവണ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ജി) വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് നൽകേണ്ട തുക വർഷങ്ങളായി നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly